## 24

1 ഭജിക്കുക നീ നിത്യം യേശുമഹേശനെ
യേശുമഹേശനെ നാക നിവാസനെ

2 ദേവകൾ വണങ്ങിടും ദീനദയാലുവെ
സദയമീ നമ്മെക്കാക്കും സൽഗുണസിന്ധുവെ

3 മരിയയിലവതാരം ചെയ്തൊരു നാഥനെ
മലയതിൽ ബലി ചെയ്ത മർത്യശരീരനെ

4 മാനുവേലാഹ്വയം പൂ മഹേശനെ
മന്നിടം ത്രിദിവമായ് മാറ്റിടും മർത്യനെ

5 താരകം കരങ്ങളിൽ താങ്ങിടും നാഥനെ
തരണിപോലവനിയിൽ വന്നിടും വന്ദ്യനെ **K.V.S**